പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1726 — 16-06-2014 ൽ മറുപടിയ്ക്ക്

## സൽക്കാര ചടങ്ങുകളിലെ മദ്യം വിളമ്പ് ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| വിവാഹസൽക്കാര വേളകൾ, ഗൃഹ പ്രവേശം തുടങ്ങിയ ചടങ്ങു കളിൽ മദ്യത്തിന് സ്വീകാര്യത ലഭിക്കുന്ന സാഹചര്യത്തിൽ, ഇത്തരം ചടങ്ങു കളിൽ മദ്യം ഒഴിവാക്കുന്നതിന് ആവശ്യമായ പ്രചാരണ ബോധ വൽക്കരണ പരിപാടികൾ നടത്തി യിട്ടുണ്ടോ; വിശദമാക്കുമോ ? | മദ്യത്തിന്റെയും ലഹരിവസ്തുക്കളു ടെയും സ്വീകാര്യതയും ലഭ്യതയും ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനും കുറയ്ക്കുന്നതിനും വേണ്ടി വിവിധ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നു. മദ്യത്തിന്റെ സ്വീകാര്യത കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ വിവിധ പരിപാടികളിൽ മദ്യം വിളമ്പുന്നതിന് നിലവിലുളള നിയമപ്രകാരം പ്രത്യേകമായി അനുവദിച്ച് നൽകുന്ന ഒരു ദിവസത്തെ ലൈസൻസ് ഫീസ് 25,000/- രൂപയിൽ നിന്നും 50,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ